ക്കും മാട്ടപ്പെട്ടിയിലേക്കും കൊടുക്കുവാനുമാണ് തീരുമാനിച്ചതു്. ബാക്കിയുള്ളതിനെപ്പറ്റി തീരുമാനിച്ചിട്ടില്ല.

ശ്രീ. പാമ്പ തളിയത്തു്: ക്രെയിൻസ് വാങ്ങിയതു് എന്തിനുവേണ്ടിയായിരുന്നു?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ക്രെയിൻ അല്ല. ക്രെയിൻ-ലാണു വാങ്ങിയതു്.

Sri. A. Thanu Pillai: May I know why those cranes were purchased when the piers were not strong enough to bear the weight of the cranes?

ശ്രീ ജി. ചന്ദ്രശേഖരപിള്ള: ആലപ്പുഴയിലെ ആവശ്യത്തിനു വാങ്ങിയതു്. അവിടെ ആവശ്യത്തിനു പറ്റാതെ വന്നു. തിരുവനന്തപുരത്തുണ്ടായിരുന്നതു നശിച്ചുപോയി. അതുകാരണം ആലപ്പുഴയുള്ളതു തിരുവനന്തപുരത്തേക്കു് കൊണ്ടുവന്നതാണു്.

ഹിന്ദി വിദ്യാഭ്യാസം

*൨൧൦. (൩൬) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി പറയുമോ —

(എ) ഹിന്ദി അദ്ധ്യാപകന്മാക്കു് ഒന്നിൽ കൂടുതൽ സ്കൂളുകളിൽ ജോലി ചെയ്യുന്നതിനുള്ള അനുവാദം ഉണ്ടോ;

(ബി) ൨൫ രൂപാ ശമ്പളമുള്ള ഒരു അദ്ധ്യാപകൻ ഒന്നിൽ കൂടുതൽ സ്കൂളുകളിൽ ജോലി ഉണ്ടായിരുന്നാലും ൩൫ രൂപായിൽ കൂടുതൽ ശമ്പളം വാങ്ങാൻ പാടില്ലെന്നു് ഗവണ്മെൻറിൽനിന്നും സർക്കുലർ അയച്ചിട്ടുണ്ടോ;

(സി) ഇന്നു സ്കൂളുകളിൽ ഹിന്ദി അദ്ധ്യാപകന്മാരുടെ നോട്ടീസും അവർ പഠിപ്പിക്കുന്ന രീതിയും പരിശോധിക്കുന്നതു ഹിന്ദി പഠിച്ചിട്ടില്ലാത്ത ഇൻസ്പെക്ടർമാരാണെന്നു് ഗവണ്മെണ്ടിനറിയാമോ?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി): (എ) ൨൫ രൂപാ അലവൻസും മാത്രമുള്ള പാർട്ട് ടൈം ഹിന്ദി അദ്ധ്യാപകന്മാക്കു് മാത്രം അനുവാദമുണ്ടു്.

(ബി) ഇല്ല.

(സി) ഹിന്ദിപഠനത്തെക്കുറിച്ചു പരിശോധന നടത്തുന്നതു് ഹിന്ദി എഡ്യൂക്കേഷൻ ആഫീസറാണു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഹിന്ദി പഠിച്ചിട്ടില്ലാത്ത ഇൻസ്പെക്ടറന്മാരുണ്ടോ?

Sri. L. M. Pillai: That goes without saying.

ശ്രീ. മാന്നാർ ഗോപാലൻ നായർ: എഡ്യൂക്കേഷൻ ആഫീസർ ആരാണു്?

ശ്രീ. എൽ. എം. പൈലി: മി. ചന്ദ്രഹാസൻ.

അരിയുടെ വില

*൨൧൧. (൩൭) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

LIBRARY ARCHIVES Kerala Legislative Assembly

അരിയുടെ വില കൂട്ടി വച്ചിരിക്കുന്നതു നിമിത്തം തിരുവിതാംകൂർ–കൊച്ചി ഗവണ്മെൻറിനുണ്ടാകുന്ന നഷ്ടം കേന്ദ്ര ഗവണ്മെൻറ് വഹിക്കേണ്ടതാണെന്നു് നിവേദനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻറെ ഫലം എന്താണെന്നു പറയുവാൻ ദയവുണ്ടാകുമോ?

ധനകാര്യവും, ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര:)

നിവേദനങ്ങൾ നടത്തിയിട്ടുണ്ടു്. അതിൻറെ ഫലമായി കേന്ദ്ര ഗവണ്മെൻറ് നൽകുന്ന സഹായധനം ൧൯൫൦ ലക്ഷം രൂപായിൽനിന്നു ആദ്യം ൨൫൦ ലക്ഷം രൂപായായും, പിന്നീടു ൨൭൫ ലക്ഷം രൂപായായും വർദ്ധിപ്പിച്ചിട്ടുണ്ടു്.

ഭക്ഷ്യധാന്യവർദ്ധനവിനു് ഗ്രാൻറു്

*൨൭൨. (൯൭) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഭക്ഷ്യധാന്യവർദ്ധനവിനു് സെൻട്രൽ ഗവണ്മെൻറിൽനിന്നും തിരുവിതാംകൂർ–കൊച്ചി ഗവർണ്മെൻറിനു് ൧൯൫൦–൫൧ ആം വർഷം രൂപാ ഗ്രാൻറു് തരാമെന്നു് സമ്മതിച്ചിട്ടുണ്ടെന്നു പറയാമോ;

(ബി) അതിൽ എത്ര രൂപാ കിട്ടിയിട്ടുണ്ടു്; കിട്ടിയ സംഖ്യയിൽ എത്ര ചെലവാക്കി; എവിടെയെല്ലാം;

(സി) ഭക്ഷ്യധാന്യ വർദ്ധനവിനു് ഗ്രാൻറായി തരാമെന്നു് സമ്മതിച്ചിട്ടുള്ള സംഖ്യ പോരായെന്നും അതിൻറെ ഇരട്ടിയെങ്കിലും തരണമെന്നും സെൻട്രൽ ഗവണ്മെൻറിനെ തിരുവിതാംകൂർ–കൊച്ചി ഗവണ്മെൻറു് അറിയിച്ചിട്ടുണ്ടോ?

ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര:)

(എ) കലണ്ടർ വർഷം അനുസരിച്ചല്ല ഗ്രാൻറനുവദിച്ചിട്ടുള്ളതു്. ൧൯൫൦—൫൧, ൧൯൫൧—൫൨ ഈ സാമ്പത്തിക വർഷങ്ങളിലേയ്ക്കു് യഥാക്രമം ൪൫,൭൫,൦൦൦ രൂപയും ൨൭,൫൦,൦൦൦ രൂപയും അനുവദിച്ചിട്ടുണ്ടു്.

(ബി) ഒന്നും കിട്ടിയിട്ടില്ല. ൧൯൫൦—൫൧-ൽ ചെയ്തിട്ടുള്ള ജോലികളുടേയും ചെലവിൻറേയും ഒരു ലിസ്റ്റു് അനുബന്ധിച്ചിരിക്കുന്നു. *

(സി) അനുവദിച്ചിട്ടുള്ള തുകകൾ പോരെന്നും കൂടുതൽ കിട്ടണമെന്നും നിവേദനം നടത്തിയിട്ടുണ്ടു്.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: എന്തടിസ്ഥാനത്തിലാണു് ഇന്ത്യാഗവണ്മെൻറു് നമുക്കു് തരുന്നതു്?

ശ്രീ. കെ. എം. കോര: അൻപതു ശതമാനം ബേസിസിൽ.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: ൧൯൫൦—൫൧-നെക്കാൾ കുറവല്ലെ ൧൯൫൧—൫൨-ൽ?

ശ്രീ. കെ. എം. കോര: ടെൻറാറ്റീവായിട്ടു് അനുവദിച്ചിട്ടുള്ള ഒരു സംഖ്യയാണു്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഇപ്പോൾ ഏതെല്ലാം ജോലികളാണു് കംപ്ലീറ്റു ചെയ്തു കഴിഞ്ഞിട്ടുള്ളതു്?

ശ്രീ. കെ. എം. കോര: ലിസ്റ്റനുസരിച്ചുള്ള ജോലികളിൽ ഏതെല്ലാമാണു് കംപ്ലീറ്റു ചെയ്തിട്ടുള്ളതെന്നു പറയണമെങ്കിൽ നോട്ടീസു് വേണം.

* Please See Appendix II. Page 387

LIBRARY ARCHIVES Kerala Legislative Assembly